പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം : *49

08.08. 2017 ൽ മറുപടിക്ക്

# വൈദ്യുതി ബോർഡിലെ ജീവനക്കാരുടെ പുനർ വിന്യാസം

ചോദ്യം

ശ്രീ.കെ.രാജൻ

"മുല്ലക്കര രത്നാകരൻ

ശ്രീമതി ഇ.എസ്.ബിജിമോൾ.

ഉത്തരം

ശ്രീ.എം.എം.മണി

(വൈദ്യുതി വകുപ്പ് മന്ത്രി)

| ചോദ്യം | ഉത്തരം |
|---|---|
| (എ)വൈദ്യുതി ബോർഡിൽ ജീവനക്കാരുടെ എണ്ണം കൂടുതലാണെന്നും അതിനാൽ വിരമിച്ച ഒഴിവുകളിൽ പുതിയ നിയമനങ്ങൾ നടത്തരുതെന്നും വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ നിർദ്ദേശിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) വൈദ്യുതി ബോർഡിൽ വിരമിച്ച ഒഴിവുകളിൽ പുതിയ നിയമനങ്ങൾ നടത്തരുതെന്ന് സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ നിർദ്ദേശിച്ചിട്ടില്ല. എന്നാൽ നിലവിൽ ജീവനക്കാരുടെ എണ്ണം കമ്മീഷൻ നിശ്ചയിച്ചിട്ടുള്ള ശമ്പള ചെലവുകൾ പ്രകാരം കൂടുതലാണെന്ന് കമ്മീഷൻ താരീഫ് ഉത്തരവുകളിൽ വ്യക്തമാക്കിയിട്ടുണ്ട്. നിലവിലുള്ള ജീവനക്കാരുടെ ശേഷി ക്രിയാത്മകമായി അവശ്യം വേണ്ട മേഖലകളിൽ ആധുനിക സാങ്കേതിക വിദ്യയും കൂടി ഉപയോഗപ്പെടുത്തി വിനിയോഗിച്ച് ഉപഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനം നൽകാനുള്ള നടപടി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് സ്വീകരിക്കണമെന്ന് റെഗുലേറ്ററി കമ്മീഷൻ അതിന്റെ ARR &ERC ഉത്തരവുകളിലൂടെ നിർദ്ദേശിച്ചിട്ടുണ്ട്. |
| (ബി) വൈദ്യുതി ബോർഡിൽ നിന്നും വിരമിച്ച ജീവനക്കാരുടെ പെൻഷൻ നൽകുന്നതിനുള്ള മാസ്റ്റർ ട്രസ്റ്റിലേക്ക് വരുമാനം ഉറപ്പാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നത്; | (ബി) കേരള ഇലക്ട്രിസിറ്റി രണ്ടാം കൈമാറ്റ പദ്ധതി പ്രകാരവും അതുവഴി സർക്കാരും കെ.എസ്.ഇ.ബി. ലിമിറ്റഡും ജീവനക്കാരും തമ്മിലുള്ള ത്രികക്ഷി കരാർ പ്രകാരവും കെ.എസ്.ഇ.ബി.ലിമിറ്റഡിലേക്ക് മാറ്റപ്പെട്ട ജീവനക്കാരുടേയും പെൻഷൻകാരുടെയും പെൻഷൻ ഉൾപ്പെടെയുള്ള സേവനവേതന ആനുകൂല്യങ്ങൾ ഉറപ്പു വരുത്തുന്നതിനും പെൻഷൻ ആനുകൂല്യങ്ങൾ കൈകാര്യം ചെയ്യുന്നതിനും വിതരണം ചെയ്യുന്നതിനുമായി 12.02.2015-ൽ "കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് എംപ്ലോയീസ് മാസ്റ്റർ പെൻഷൻ ആൻറ് |

| | |
|---|---|
| | ഗ്രാറ്റുവിറ്റി ട്രസ്റ്റ് " രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. 31.10.2013 വരെയുള്ള പെൻഷൻ ബാധ്യത 12,419 കോടി രൂപയായി തിട്ടപ്പെടുത്തി-യിട്ടുള്ളതും ഈ തുകയിൽ 524 കോടി രൂപ സംസ്ഥാന സർക്കാർ ബഡ്ജറ്ററി അലോക്കേഷൻ വഴി 10 വാർഷിക ഗഡുക്കളായി വൈദ്യുതി ബോർഡ് ലിമിറ്റഡിനു നൽകുന്നതും ബാക്കിതുകയായ 11,895 കോടി രൂപയ്ക്ക് രണ്ടുതരം ബോണ്ടുകൾ [(1) 8,144 കോടി 20 വർഷത്തേക്ക് -10%. (2) 3,751 കോടി -10 വർഷത്തേക്ക് -9%] 1-4-2017-ൽ പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. മേൽ തുകയിൽ 3,751 കോടി രൂപ കേരള സർക്കാർ വിഹിതമാണ്.ടി തുക പലിശയും ചേർത്ത് 586.10 കോടി രൂപയുടെ പത്ത് വാർഷിക ഗഡുക്കളായി കെ.എസ്.-ഇ.ബി.ലിമിറ്റഡ് കേരള സർക്കാരിന് നൽകേണ്ടുന്ന ഇലക്ട്രിസിറ്റി ഡ്യൂട്ടിയിൽ തട്ടിക്കിഴിക്കാനാണ് ഉത്തരവായിരിക്കുന്നത്. |
| (സി)ബോർഡിന്റെ പ്രവർത്തനത്തെ-ക്കുറിച്ച് കോഴിക്കോട് ഐ.ഐ.എം. നൽകിയ റിപ്പോർട്ടിൽ ജീവനക്കാരുടെ പുനർവിന്യാസം സംബന്ധിച്ച് എന്തെല്ലാം ശുപാർശകളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്? | (സി)ബോർഡിന്റെ പ്രവർത്തനത്തെക്കുറിച്ച് കോഴിക്കോട് ഐ.ഐ.എം. നൽകിയ റിപ്പോർട്ടിൽ ജീവനക്കാരുടെ പുനർവിന്യാസം സംബന്ധിച്ച ശുപാർശകൾ ചുവടെ ചേർക്കുന്നു.<br>**(1)** കസ്റ്റമർ മാനേജ്മെന്റ് സെൽ രൂപവൽക്കരിക്കുക.<br>**(2)** മാനവ വിഭവ ശേഷിയ്ക്ക് പ്രത്യേക ഡയറക്ടറുടെ കീഴിൽ ഒരു വിഭാഗം ആരംഭിക്കുക.<br>**(3)** ഓരോ വിഭാഗത്തിനും മാനവ വിഭവ ശേഷി വിഭാഗം തലവനായി ഡെപ്യൂട്ടി ചീഫ് എൻജിനീയർ തലത്തിൽ ഉള്ള ഉദ്യോഗസ്ഥനെ നിയോഗിക്കുക.<br>**(4)** വിതരണ മേഖലയിൽ ബ്രേക്ക് ഡൗൺ, മെയിന്റനൻസ് വിഭാഗങ്ങൾ മേഖലാടിസ്ഥാനത്തിൽ കോൺട്രാക്ട് നൽകുക.<br>**(5)** മീറ്റർ റീഡർമാരുടെ നിയമനം നിർത്തലാക്കുക. ഈ തസ്തികയിൽ നിലവിലെ |

876 ഒഴിവുകൾ നികത്തരുത്.

**(6)** ട്രെയിനിംഗ് സെന്ററിലെ അസിസ്റ്റന്റ് എൻജിനീയർ തസ്തികകൾ 2 ൽ നിന്ന് 1 ആയി ചുരുക്കുക.

**(7)** നിലവിലുള്ള 2950 സീനിയർ അസിസ്റ്റന്റ്മാരുടെ എണ്ണം $1/3^{rd}$ ആയി ചുരുക്കുക. പി.ഡി.എ സംവിധാനം സാർവത്രികമാക്കുക. തൊഴിൽപരമായി യോഗ്യരായ സീനിയർ അസിസ്റ്റന്റുമാരെ മാനവ വിഭവ ശേഷി വിഭാഗത്തിലേയ്ക്ക് പുനർവിന്യസിക്കുക. ഇവരെ സെക്ഷൻ ഓഫീസുകളിൽ സാങ്കേതിക ഇതര ജോലിയിലും, ഹൈഡൽ ടൂറിസം മേഖലയിലും പുനർവിന്യസിക്കുക.

**(8)** കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്, ഫെയർ കോപ്പി അസിസ്റ്റന്റ് ആന്റ് ഓഫീസ് അറ്റൻഡന്റ് എന്നിവരുടെ ജോലികൾ സംയോജിപ്പിക്കുക.

**(9)** ആശ്രിത നിയമനം വഴി ഓഫീസ് അറ്റൻഡന്റ്, ഫെയർ കോപ്പി അസിസ്റ്റന്റ് ആന്റ് കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിൽ നൽകുന്ന നിയമനങ്ങൾ ഉടൻ നിർത്തലാക്കുക.

**(10)** ഡ്രൈവർ, ലൂപ്പകാർ എന്നീ തസ്തികയിൽ കോൺട്രാക്ട് അടിസ്ഥാനത്തിൽ നിയമനം നൽകുക, ടി തസ്തികയിലേയ്ക്കുള്ള പുതിയ നിയമനങ്ങൾ ഉടൻ നിർത്തലാക്കുക.

**(11)** സിവിൽ എൻജിനീയർമാരുടെ സേവനം പ്രയോജനപ്പെടുത്താനായി ഹൈഡൽ ടൂറിസം പദ്ധതികൾ ആവിഷ്കരിക്കുക.

**(12)** ഇലക്ട്രിക്കൽ സർക്കിൾ, ഡിവിഷൻ എന്നി ഓഫീസുകളിൽ ഘടനാപരമായ ചില മാറ്റങ്ങൾ വരുത്തി സർക്കിൾ ഓഫീസുകളിലേയും, ഡിവിഷൻ ഓഫീസുകളിലെയും ജീവനക്കാരുടെ എണ്ണം സർക്കിളിനും, ഡിവിഷനും കീഴെ വരുന്ന ആകെ ഉപഭോക്താക്കളുടെ എണ്ണത്തിന് അനുസൃതമായി ക്രമീകരിക്കുക.

| | |
|---|---|
| | സെക്ഷൻ ഓഫീസിലെ ജീവനക്കാരുടെ എണ്ണം സെക്ഷന് കീഴിലെ ആകെ ഉപഭോക്താക്കളുടെ എണ്ണത്തിന് അനുസൃതമായി ക്രമീകരിക്കുക.<br>**(13)** മാനവ വിഭവ ശേഷി നിർവ്വഹണ ചീഫ് എൻജിനീയറുടെ ഓഫീസ്, സെക്രട്ടറി (ഭരണം) യുടെ ഓഫീസ്, ചീഫ് പേഴ്സണൽ ഓഫീസറുടെ ഓഫീസിലേയും പ്രവർത്തനങ്ങൾ സംയോജിപ്പിച്ച് ഏകീകരിക്കുക.<br>ലീഗൽ അഡ്വൈസർ ആന്റ് ഡിസിപ്ലിനറി എൻക്വയറി ഓഫീസറുടെ കാര്യാലയം ഡയറക്ടർ (എച്ച്.ആർ.എം) ക്ക് കീഴിലാക്കുക.<br>**(14)** മാനവ വിഭവ ശേഷി നിർവ്വഹണത്തിന് കീഴിലെ ക്യാഷ് വിഭാഗം ഡയറക്ടർ (ഫിനാൻസ്) ഉടെ ഓഫീസിന് കീഴിൽ ആക്കുക.<br>**(15)** ചീഫ് എൻജിനീയർ (എസ്.സി.എം)-ൽ ഘടനാപരമായ മാറ്റങ്ങൾ വരുത്തുക. ചീഫ് എൻജിനീയർ (എസ്.സി.എം) ലെ ഫിനാൻസ് വിഭാഗം ഡയറക്ടർ (ഫിനാൻസ്)-ക്ക് കീഴിലേയ്ക്ക് മാറ്റുക.<br>**(16)** ചീഫ് എൻജിനീയർ (റീസ്) ന്റെ ഓഫീസിൽ ഘടനാപരമായ മാറ്റങ്ങൾ വരുത്തുക.<br>കൺസൾട്ടൻസിക്കായി പുതുതായി ഒരു ഓഫീസ് ആരംഭിക്കുക ഐ.ഐ.എം ശുപാർശകളിൽ വൈദ്യുതി ബോർഡ് തീരുമാനങ്ങളൊന്നും സ്വീകരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ